## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.495** **24.01.2018-ൽ മറുപടിയ്ക്ക്**

**<u>ജി.എസ്.ടി ഏർപ്പെടുത്തിയതിനു ശേഷം നികതിയിനത്തിൽ ഉണ്ടായ വർദ്ധനവ്</u>**

| | <u>ചോദ്യം</u><br>ശ്രീ.ഒ. രാജഗോപാൽ : | | <u>മറുപടി</u><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കുന്നതിന് മുൻപ് വാണിജ്യ നികുതി ഇനത്തിൽ എത്ര തുക യാണ് സർക്കാരിന് ലഭിച്ചു കൊണ്ടിരുന്നത്; ജി.എസ്.ടി ഏർപ്പെടുത്തിയതിനു ശേഷം നികുതിയിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് 2017-18 വർഷത്തിൽ, ജി.എസ്.ടി വരുമാനം ലഭിക്കുന്നതിനു മുമ്പുള്ള നാലുമാസങ്ങളിലെ (ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ) ശരാശരി വാണിജ്യനികുതി വരുമാനം 1,584.27 കോടി രൂപയാണ്. സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 -ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 -ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | നികുതി ഇനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ ഇത് കോംപൻസേറ്റ് ചെയ്യുന്നതിന് കേന്ദ്രത്തിൽ നിന്ന് ഏതു വിധത്തിലുള്ള സഹായമാണ് ലഭിച്ചിട്ടുള്ളത് ? | | |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**